(എ) ഭക്ഷ്യേതര കാർഷികവിളകൾക്ക് പ്രോത്സാഹനം നൽകുന്നതു സംബന്ധിച്ച സർക്കാർ നയം വെളിപ്പെടുത്തുമോ;

(ബി) ഇന്ധനമായി ഉപയോഗിക്കാവുന്ന ജെട്രോഫയുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ ജെട്രോഫ കൃഷി സംസ്ഥാനത്ത് വ്യാപകമായി നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

*ഉത്തരം*

(എ) ഇതു സംബന്ധിച്ച് സർക്കാർ പ്രത്യേകമായി നയം രൂപീകരിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) കേന്ദ്ര സർക്കാർ ''നാഷണൽ മിഷൻ ഓൺ ബയോഡീസൽ'' എന്ന പദ്ധതിപ്രകാരം രാജ്യത്ത് ജെട്രോഫ കൃഷി വ്യാപിപ്പിക്കുന്നതു സംബന്ധിച്ച റിപ്പോർട്ടിൻമേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. പ്രസ്തുത റിപ്പോർട്ട് പഠിച്ച് അഭിപ്രായം ലഭ്യമാക്കുന്നതിനായി കൃഷി ഡയറക്ടർ ഉൾപ്പെട്ട നാലംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ അഭിപ്രായം ഇതേവരെയും ലഭിച്ചിട്ടില്ല. എന്നാൽ മറ്റു കൃഷികളെക്കാൾ വരുമാനം കുറവായതിനാലും കൃഷിച്ചെലവ് കൂടുതലായതിനാലും ചെടിയുടെ വിത്തിൽ വിഷാംശം അടങ്ങിയിട്ടുള്ളതിനാലും സംസ്ഥാനത്ത് ജെട്രോഫ കൃഷി അഭികാമ്യമല്ല എന്നാണ് കാർഷിക സർവ്വകലാശാലയുടെ വിദഗ്ദ്ധാഭിപ്രായം. കൃഷി ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ്.

## നാഷണൽ സീഡ് കോർപ്പറേഷന്റെ നെൽവിത്ത് വിൽപ്പന

179 [195] *ശ്രീമതി മേഴ്സി രവി:*

*ശ്രീ. കെ. സുധാകരൻ:*

,, *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സീഡ് കോർപ്പറേഷൻ സംസ്ഥാനത്ത് നെൽവിത്ത് വിൽക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തു വിലയ്ക്കാണ് വിൽക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇത്രയും ഭാരിച്ച വില കൊടുത്ത് വിത്തു വാങ്ങി കൃഷി ചെയ്യുന്നത് ലാഭകരമാകുമോ എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) ഉണ്ട്.

(ബി) കിലോഗ്രാമിന് 15 രൂപ 50 പൈസ നിരക്കിലാണ് വിൽക്കുന്നത്.

(സി) നല്ല വിളവു ലഭിക്കുന്ന ഗുണമേൻമയുള്ള വിത്തുകളാണ് നാഷണൽ സീഡ്സ് കോർപ്പറേഷൻ കർഷകർക്ക് ലഭ്യമാക്കുന്നത്. വിത്തിന്റെ അപാകതമൂലം നഷ്ടം സംഭവിച്ചാൽ കർഷകർക്ക് നഷ്ടപരിഹാരം നൽകുകയോ പകരം നെൽവിത്ത് നൽകുകയോ ചെയ്യുന്നതിനുള്ള സംവിധാനം നാഷണൽ സീഡ്സ് കോർപ്പറേഷനുണ്ട്.

**കുരുമുളക്-കശുവണ്ടി കൃഷിയുടെ വികസനത്തിന് പദ്ധതികൾ**

180 [197] *ശ്രീ. പി. ജയരാജൻ:*

„ *മത്തായി ചാക്കോ:*

„ *പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഗന്ധദ്രവ്യങ്ങളുടെയും കശുവണ്ടിയുടെയും വിദേശ വ്യാപാര സാദ്ധ്യത സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ചയ്ക്കുവേണ്ടി പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) കുരുമുളകിന്റെയും മറ്റു സുഗന്ധദ്രവ്യങ്ങളുടെയും ഉൽപ്പാദനക്ഷമതയും ഗുണമേൻമയും വിദേശ ഉൽപ്പന്നങ്ങളോട് മത്സരിക്കാൻ പര്യാപ്തമായ രീതിയിൽ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) കുരുമുളക്-കശുവണ്ടി കൃഷിവികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) ഉണ്ട്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഗുണമേൻമയുള്ള സുഗന്ധദ്രവ്യങ്ങളും കശുവണ്ടിയും വിദേശനാണ്യം നേടിത്തരുന്നതിൽ മുഖ്യമായ പങ്ക് വഹിക്കുന്നുണ്ട്. സ്പൈസസ് ബോർഡിന്റെ റിപ്പോർട്ടനുസരിച്ച് 2004-2005 വർഷം 49654.6 മെട്രിക് ടൺ സുഗന്ധദ്രവ്യങ്ങൾ കയറ്റുമതി ചെയ്യുകവഴി 778.81 കോടി വിദേശനാണ്യം നേടിയിട്ടുണ്ട്. 2002-2003-ൽ 66859 മെട്രിക് ടൺ കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്തതിൽനിന്നും 1216.11 കോടി വിദേശനാണ്യവും 2003-2004-ൽ 68119 മെട്രിക് ടൺ കയറ്റുമതിയിൽനിന്നും 1204.56 കോടി രൂപയും ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly